# ഹൃദ്രോഗ ചികിത്സ ഹോമിയോപ്പതിയിൽ

**ക്യാൻസർ** കഴിഞ്ഞാൽ ഏറ്റവുമധികം ആളുകളെ കൊല്ലുന്നത് ഹൃദ്രോഗമാണെന്ന് പറയുന്നു. രണ്ടും ഒരുപോലെയാണെന്നും പറയുന്നുണ്ട്. ഇതിൽ തന്നെ വാതജന്യ ഹൃദ്രോഗമാണ് ഭയങ്കരൻ. ഇതാകട്ടെ ചെറുപ്പക്കാരേയാണ് പിടികൂടുന്നത്. ഇത് ഹൃദയവാൽവുകളേയാണ് ബാധിക്കുന്നത്. ഇതേക്കുറിച്ച് ഒരു ചൊല്ലുണ്ട്. വാതജന്യ ഹൃദ്രോഗം സന്ധികളെ ഒന്നു നക്കുന്നതേയുള്ളൂ. എന്നാൽ ഹൃദയത്തെ കടിച്ചുതിന്നുന്നു. വാതജന്യ ഹൃദ്രോഗം തുടങ്ങുന്നത് അധികവും തൊണ്ടവേദന, ടോൺസിലൈറ്റിസ് തുടങ്ങിയ അസുഖങ്ങളിൽ നിന്നാണ്. ഹൃദയവാൽവുകളിൽ എത്തുമ്പോഴേക്കും അത് ഗുരുതരമായ പ്രശ്നമായി മാറുന്നു.

സ്ട്രെപ്റ്റോ കോക്കൽ അണുബാധ മൂലം ഉണ്ടാകുന്നതാണ് തൊണ്ടവേദനയും ടോൺസിലൈറ്റിസും മറ്റും. ഇത് പിന്നീട് സന്ധികളിലേക്കും അവിടെ നിന്ന് ഹൃദയവാൽവുകളിലേക്കും മാറുന്നു. പിന്നെ തിരിച്ചുപോക്ക് അസാധ്യമാകും. വാൽവുമാറ്റം ഒരു അനിവാര്യതയായി മാറും.

**പന്ത്രണ്ടു വയസുള്ള ഒരു ആൺകുട്ടിയുടെ പ്രശ്നം ഇതായിരുന്നു. ടോൺസിലൈറ്റിസ്, തൊണ്ടവേദന തുടങ്ങി എല്ലാ അസുഖങ്ങളും കുഞ്ഞായിരുന്നപ്പോൾ വന്നിരുന്നു. 4 വയസാകുമ്പോൾ ഒരു ദിവസം എന്തി നടക്കുന്നതായി കണ്ടപ്പോൾ ഉടൻ തന്നെ വൈദ്യപരിശോധന നടത്തി. രണ്ടു വാൽവുകൾക്ക് തകരാറുണ്ടെന്നു കണ്ടു. പന്ത്രണ്ടു വയസുള്ളപ്പോൾ ശക്തിയായ ചുമ വന്നു. ആ ഘട്ടത്തിലാണ് ഹോമിയോ ചികിത്സയ്ക്ക് വന്നത്.**

ഹോമിയോപ്പതിയിൽ കാരണം അറിഞ്ഞു വേണമല്ലോ ചികിത്സിക്കാൻ. ഇത് കാർഡിയാക് ചുമയാണെന്നും കേടുവന്ന വാൽവുകൾ മൂലം ഉണ്ടായതാണെന്നും നേരത്തെ നടത്തിയ വിദഗ്ധ പരിശോധനകളുടെ റിപ്പോർട്ട് കണ്ടപ്പോൾ മനസിലായി. ഹൃദയത്തിന്റെ പ്രവർത്തനം തകരാറിലാണ്. സിസ്റ്റോലിക് - ഡയസ്റ്റോലിക് ശബ്ദങ്ങൾ വ്യക്തമല്ലാതായിരിക്കുന്നു.

ചുമയ്ക്കും വാൽവിന്റെ കേടിനും ചേരുന്ന ഒരേ ഒരു മരുന്നേ ഹോമിയോ രീതി അനുസരിച്ചുകൊടുക്കുവാൻ പാടുള്ളൂ. പല മരുന്നുകൾ ഒരേ സമയം കൊടുക്കുന്നത് ഹോമിയോ ശാസ്ത്രരീതിക്ക് വിരുദ്ധമാണ്. അതിനാൽ ഒരേ ഒരു മരുന്നു മാത്രം കൊടുത്തു. ചുമയുടെ ശക്തി കുറഞ്ഞു. ഹൃദയവാൽവുകളുടെ ശബ്ദവും വ്യക്തമായിത്തുടങ്ങി. വിശദമായ പരിശോധനകൾ തുടർന്നും നടത്തിക്കൊണ്ടിരുന്നു. കുഴപ്പങ്ങളൊന്നും ഇല്ലെന്നും പറയുന്നു. ഇതാണ് ഇപ്പോഴത്തെ സ്ഥിതി.

ഹോമിയോപ്പതി ചികിത്സ കൊണ്ട് വാതജന്യ ഹൃദ്രോഗം സുഖപ്പെടുത്താൻ കഴിയുമെന്നാണ് ഇതിനർഥം. ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം. തൊണ്ടവേദനയും ടോൺസിലൈറ്റിസും വരുമ്പോൾ ഒരു കാര്യം ഓർക്കുക: ഇതു വാതജന്യ ഹൃദ്രോഗത്തെ വിളിച്ചുവരുത്തും.

**ഡോ.എൻ.വാസുദേവൻ നായർ**
**മഞ്ജരി**
**ഒ.എം. റോഡ്**
**പെരുമ്പാവൂർ 683 542.**
**ഫോൺ: 522157 – 0484.**